
...തെനാലി രാമൻ....
തെനാലിയിലെ ഒരു വികൃതിക്കുട്ടനായിരുന്നു രാമൻ.
ഹയ്യോ! എന്റെ തല!
എടാ ദ്രോഹീ...!
ക്ഷമിക്കണേ, കണ്ടപ്പോൾ മൺകുടമാണെന്നു വിചാരിച്ചു.
രാമന്റെ വീട്ടിൽ ഒരതിഥിയെത്തി.
ഇതാരാണെന്നു മന ലായോ?
ഇല്ല. കൈയിലുള്ളത് എന്താണെന്നു മന ലായി.
എനിക്കുള്ള സമ്മാനമല്ലേ. ഇങ്ങു തന്നേക്കൂ.
ങേ?


ഹയ്യട! പുത്തൻ കുപ്പായം!!
രാമൻ കുപ്പായവുമിട്ട് കളിക്കാനോടി. അല്പം കഴിഞ്ഞപ്പോൾ–
ഹയ്യോ! പുത്തൻകുപ്പായം ആകെ ചെളിപുരണ്ടു. അമ്മയിന്ന് വഴക്കുപറഞ്ഞത് തന്നെ.
രാമൻ അലക്കുകാരന്റെ അടുത്തെത്തി.
കഴുകിത്തരാം. പക്ഷേ, മൂന്നുദിവസമെടുക്കും.
ങേ! മൂന്നുദിവസമോ? ശരി, ശരി.
പിറ്റേന്ന് രാമൻ കളിക്കുമ്പോൾ–
ങേ! എന്റെ പട്ടുകുപ്പായമല്ലേ ആ കുട്ടി ധരിച്ചിരിക്കുന്നത്?
ഹമ്പട! ആ അലക്കുകാരൻ ചതിച്ചതാണ്. അയാളത് വാടകയ്ക്ക് കൊടുത്തതാവണം.



നല്ല ഉടുപ്പാണല്ലോ. നോക്കട്ടെ!
ആഹഹാ! ഇപ്പോൾ കാണാനെന്തു രസം!
ഹയ്യോ! ചെളി!
ഇനിയല്പം ചിത്രവേല കൂടിയാകാം.
ഹയ്യോ! അച്ഛാ!
എടാ, ദ്രോഹി!
നീയെന്തു തെമ്മാടിത്തരമാ ഈ കാണിച്ചത്?
ഇതിന് സമാധാനം പറയിക്കാതെ നിന്നെ വിടുന്ന പ്രശ്നമില്ല.
ഹയ്യോ!
ഗ്രാമത്തലവൻ–
രാമാ, ഞാനീ കേൾക്കുന്നത് സത്യമാണോ?
ശുദ്ധ നുണയാണ് പ്രഭോ. ഞാനീ കുട്ടിയെ യാതൊന്നും ചെയ്തിട്ടില്ല.


ഞാനെന്റെ കുപ്പായത്തെയാ ശിക്ഷിച്ചത്! കുറച്ചു കാലമായി തീരെ അനുസരണയില്ല.
ഏ?
കണ്ടില്ലേ, ഇന്നലെ അലക്കാൻ കൊടുത്ത കുപ്പായമാ. ആരോടും പറയാതെ കണ്ണു വെട്ടിച്ച് ചാടിയിരിക്കുന്നു!
ഓഹോ!
ഗ്രാമത്തലവന് കാര്യം പിടികിട്ടി.
ഓഹോ! ഇതെല്ലാം അലക്കുകാരന്റെ വേലയാണ്. രാമന്റെ കുപ്പായമാണ് അയാൾ ഇയാൾക്കു കൊടുത്തത്.
സത്യം പറയണം. ഇതു നിങ്ങളുടെ കുട്ടിയുടെ കുപ്പായമാണോ?
ഏ?! ക്ഷ... ക്ഷമിക്കണേ, ആ അലക്കുകാരൻ തന്നതാണ്!
ഗ്രാമത്തലവൻ അലക്കുകാരനെ വിളിപ്പിച്ചു.
ചതിയാ, ഇനിയിതാവർത്തിച്ചാൽ നിന്നെ മൊട്ടയടിച്ച് നാടുകടത്തും! മനസ്സിലായോ?
ഹയ്യോ! ഒരബദ്ധം പറ്റിയതാണേ!
ഹി!ഹി!